പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1174    20.03.2012 ൽ മറുപടിക്ക്

# റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം

**ചോദ്യം**

ശ്രീ. കെ.അച്ചുതൻ;
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ.മുരളീധരൻ:

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പു മന്ത്രി)

(എ) പുതിയ റോഡുകൾക്കും, പാലങ്ങൾക്കും, റോഡുകളുടെ പുനർ-നിർമ്മാണത്തിനുമായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ 367 കി.മീ.റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിനും 1000 കി.മീ.റോഡ് മെയിന്റനൻസ് ചെയ്യുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടപ്പു സാമ്പത്തിക വർഷം പ്ലാൻസ്കീമിൽ 1179.79 കോടി രൂപയുടെ പ്രവൃത്തികൾക്കും ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട് 599.8 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പാക്കി വരുന്നു. കൂടാതെ നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾക്ക് മൊത്തം 285.84 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

ദേശീയ പാതാ വിഭാഗത്തിൽ എൻ.എച്ച് 47 ഉം എൻ.എച്ച് 17 ഉം 4/6 വരിപ്പാതയായി വികസിപ്പിക്കുന്നു. കൂടാതെ എൻ.എച്ച് 49, 208, 212, 213, 220 എന്നിവ DBFOT വ്യവസ്ഥയിൽ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി

| | |
|---|---|
| | വികസിപ്പിക്കുന്നു. കൂടാതെ തിരഞ്ഞെടുത്ത റോഡുകൾ സി.ആർ.എഫ് സ്കീമിൽ ഉൾപ്പെടുത്തി വികസിപ്പിച്ചു വരുന്നു. |
| (ബി) ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിർമ്മാണ നടപടിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) ഭൂരിഭാഗം പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ആവശ്യമില്ലാത്ത 21 പ്രവൃത്തികൾക്കായി 247.91 കോടി രൂപയും SDG-ൽ പെടുത്തി 15 പ്രവൃത്തികൾക്കായി 148.95 കോടി രൂപയും ഭൂമി ഏറ്റെടുക്കൽ നടപടി ആവശ്യമായ 15 പ്രവൃത്തികൾക്കായി 454.79 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) ഇതിനുള്ള തുക അനുവദിച്ചിട്ടുണ്ടോ ? | (സി) പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ